207

നം.ജി5/15844/2012/റ്റിസി
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം
തിരുവനന്തപുരം സിറ്റി.
തീയതി :     /10/2016

## ലേല പരസ്യം

തിരുവനന്തപുരം സിറ്റി പോലീസ് കോംമ്പൗണ്ടിലെ പഴയ കെട്ടിടവും (സ്പെഷ്യൽ ബ്രാഞ്ച്), ഡി.പി.ഐ. ജംഗ്ഷന് സമീപത്തുള്ള ഭക്തിവിലാസം പോലീസ് ക്വാർട്ടേഴ്സ് ( 22 എണ്ണം) കെട്ടിടങ്ങളും പൊളിച്ചു മാറ്റുവാൻ പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്തു തന്നെ ലേലസ്ഥലത്ത് ഹാജരാകേണ്ടതും നിരതദ്രവ്യമായ 6753/- രൂപ (സ്പെഷ്യൽ ബ്രാഞ്ച് കെട്ടിടം) 25278/- രൂപ (ഭക്തി വിലാസത്തെ 22 ക്വാർട്ടേഴ്സ്) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ കെട്ടിവയ്ക്കേണ്ടതുമാണ്. ലേലം കഴിഞ്ഞാൽ ഉടൻ കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം നഷ്ടപ്പെടുന്നയാൾക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെട്ടു കിട്ടുന്നയാൾ ലേലതുക മുഴുവനും (നിരതദ്രവ്യം ഒഴികെ) നിശ്ചിത വിൽപന നികുതിയും ചേർത്ത് ലേല സ്ഥലത്ത് വച്ചു തന്നെ അടയ്ക്കേണ്ടതും തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് കിട്ടുന്ന മുറയ്ക്ക് കെട്ടിടം സ്വന്തം ചെലവിൽ പൊളിച്ചു മാറ്റേണ്ടതു മാണ്. പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുക യാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിന് സർക്കാരിന് ഉണ്ടാകുന്ന നഷ്ട ത്തിന് മുൻ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും നഷ്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയ്ക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും. ലേലത്തിന് വച്ചിട്ടുള്ള കെട്ടിട ങ്ങൾ ലേലത്തിന് മുൻപുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ പത്ത് മണിക്കും 5 മണിയ്ക്കും ഇടയിൽ തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ റിസർവ്വ് ഇൻസ്പെക്ടർ & ക്വാർട്ടർ മാസ്റ്ററുടെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

## ലേലത്തിന്റെ വിവരം

കെട്ടിടം - തിരുവനന്തപുരം സിറ്റി പോലീസ് ഓഫിസിലെ സ്പെഷ്യൽ ബ്രാഞ്ച് പ്രവർത്തിക്കുന്ന കെട്ടിടവും ഡി.പി.ഐ. ജംഗ്ഷന് സമീപത്തുള്ള ഭക്തിവിലാസത്തെ 22 പോലീസ് ക്വാർട്ടേഴ്സുകളും.

ലേലതീയതി - 17/10/2016
ലേല സമയം - രാവിലെ 11 മണിക്ക്,
നിരതദ്രവ്യം - 6753/- രൂപ ( ആറായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന് രൂപ)
25278/- രൂപ (ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തി എട്ടു രൂപ)
ലേലസ്ഥലം - സിറ്റി പോലീസ് ഓഫീസ്, തിരു. സിറ്റി.

തിരു: സിറ്റി ജില്ലാ പോലീസ് മേധാവി

6/10/16

പകർപ്പ്: എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമാണ്ടന്റ് ഏആർ, എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനു വേണ്ടി നൽകുന്നു

,, : ചെയർമാൻ ആന്റ് ബോർഡ് മെമ്പേഴ്സ്, ആർ.ഐ.ക്യു.എം, കാഷ്യർ സിപിഒ എന്നിവർക്ക് ആവശ്യമായ നടപടികൾക്കായി അയയ്ക്കുന്നു.

,, : തിരുവനന്തപുരം സെൻട്രൽ പ്രസ്സ് സൂപ്രണ്ടിന് 5 പകർപ്പുകൾ ഗസറ്റ് വിജ്ഞാ പനത്തിനായി അയയ്ക്കുന്നു.

,, : തിരുവനന്തപുരം ജില്ലാ പബ്ലിക്ക് റിലേഷൻ ഓഫീസർക്ക് പത്ര മാധ്യമങ്ങളിൽ ആവശ്യമായ പരസ്യം നൽകുന്നതിന് 5 പകർപ്പുകൾ അയയ്ക്കുന്നു.

,, : MSTS Ltd ന് പരസ്യം നൽകുന്നതിനായി നൽകുന്നു.